**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 145** **28-07-2021 - ൽ മറുപടിയ്ക്ക്**

**മുൻഗണന റേഷൻ കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ പി . | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അനർഹർ കൈവശം വച്ചുവരുന്ന മുൻഗണന റേഷൻ കാർഡുകൾ സ്വമേധയാ തിരിച്ചേല്പിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിന്റെ ഭാഗമായി, മുൻഗണനാ റേഷൻകാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ ശിക്ഷാനടപടികളോ കൂടാതെ പ്രസ്തുത കാർഡ് തിരിച്ചേൽപ്പിക്കുന്നതിന് 15.07.2021 വരെ സമയം അനുവദിച്ചിരുന്നു. ഇപ്രകാരം തിരിച്ചേൽപ്പിച്ച മുൻഗണനാ/ മുൻഗണനേതര സബ്സിഡി കാർഡുകളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്. ഇനം എണ്ണം എ.എ.വൈ - 10,018 പി.എച്ച്.എച്ച് - 64,761 മുൻഗണനേതര സബ്സിഡി - 48,775 ആകെ - 1,23,554 ഇപ്രകാരം മുൻഗണനാ വിഭാഗത്തിൽ വന്ന ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | മുൻഗണന മാനദണ്ഡങ്ങളിൽ ചെറിയ വ്യത്യാസം വരുന്നതുമൂലം മുൻഗണന പട്ടികയിൽ നിന്നും പുറത്താകുന്ന തുടർ ചികിത്സ ആവശ്യമുള്ള രോഗികളുടെ കുടുംബങ്ങളെ പ്രസ്തുത പട്ടികയിൽ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | മുൻഗണന പട്ടികയിലെ അനർഹരെ കണ്ടെത്തി ഒഴിവാക്കുമ്പോൾ, അത്തരം കാർഡുടമകൾ എതെങ്കിലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും ഭിന്നശേഷി, സാമ്പത്തിക പിന്നോക്കാവസ്ഥ, ശാരീരിക അവശത എന്നിവയിലേതെങ്കിലും കാരണത്താൽ മുൻഗണനയ്ക്ക് അർഹരെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് 27.10.2020 - ലെ സ.ഉ(സാധാ)നം. 319/2020/ഭ.പൊ.വി.വ (അനുബന്ധം ആയി ചേർക്കുന്നു) പ്രകാരം പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ എന്നിവർ അംഗങ്ങളായുള്ള കുടുംബങ്ങൾക്ക് ചികിത്സാസഹായം ലഭിക്കുന്നതിന് മുൻഗണന | (സി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതോടനുബന്ധിച്ച് ഏറ്റവും അർഹരായ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ഒഴിവാക്കൽ |

| | | | |
|---|---|---|---|
| | കാർഡുകൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | | മാനദണ്ഡങ്ങൾ ബാധകമല്ലാത്തതും ഗുരുതരമായ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടുന്നതുമായ കുടുംബങ്ങളെ പരിശോധിച്ച് മുൻഗണനയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഭിന്നശേഷിവിഭാഗത്തെ മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിന് വെയിറ്റേജ് അനുവദിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. ഇതിനു പുറമേ മുൻഗണനേതര വിഭാഗത്തിൽപ്പെട്ട ഗുരുതര രോഗബാധിതർക്ക് മുൻഗണനാ വിഭാഗത്തെപ്പോലെ ചികിത്സ ആനുകൂല്യം ലഭ്യമാക്കുന്നതിന് "സ്റ്റേറ്റ് പ്രയോറിറ്റി" സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | തിരിച്ചേല്പിക്കുന്ന റേഷൻ കാർഡുകൾ അർഹരായവർക്ക് നൽകുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | അനർഹമായ എ.എ.വൈ, മുൻഗണനാ റേഷൻകാർഡുകൾ സറണ്ടർ ചെയ്തതിലൂടെ മുൻഗണനാ പട്ടികയിൽ വന്ന ഒഴിവുകളിലേക്ക് താലൂക്ക് തലത്തിൽ അദാലത്ത് നടത്തി, ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ അർഹരായവരുടെ പട്ടിക തയ്യാറാക്കുന്ന നടപടികൾ എല്ലാ താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിലും പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

'ഭരണഭാഷ-മാതൃഭാഷ'

അനുബന്ധം

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 - ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുള്ള ഗുരുതര രോഗബാധിതർ, ഭിന്നശേഷിക്കാർ, സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർ എന്നീ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നത് - പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

========================================================================

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ.(സാധാ) നം. 319/2020/ഭ.പൊ.വി.വ    തീയതി, തിരുവനന്തപുരം, 27.10.2020

========================================================================

പരാമർശം : - 1) സ.ഉ(സാധാ) നം.320/2017/ഭ.പൊ.വി.വ, തീയതി 18.09.2017.

2) ബഹു. ഭക്ഷ്യവകുപ്പ മന്ത്രിയുടെ അധ്യക്ഷതയിൽ 16.09.2020 ൽ ചേർന്ന യോഗതീരുമാനം.

<u>ഉത്തരവ്</u>

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തിൽ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി പരാമർശം(1) പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച നൽകിയിരുന്നു. പ്രസ്തുത മാനദണ്ഡങ്ങൾപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുള്ളതും എന്നാൽ ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹരാണെന്ന് ബോധ്യപ്പെടുന്നതുമായ അപേക്ഷകൾ പരിഗണിച്ച് യോഗ്യരായവരെ മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം(2) പ്രകാരം തീരുമാനിച്ചിരുന്നു.

2. മേൽപ്പറഞ്ഞപ്രകാരം മുൻഗണനയ്ക്ക് അർഹതയുണ്ടെങ്കിലും ഒഴിവാക്കൽ മാനദണ്ഡത്തിൽപ്പെട്ട് ധാരാളം പേർ മുൻഗണനാപട്ടികയിൽ നിന്നും ഒഴിവായിട്ടുള്ളതായി ബോധ്യപ്പെട്ടതിനാൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും പ്രത്യേക പരിഗണന നൽകി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതായ അപേക്ഷകൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

1. വ്യക്തമായ കാരണങ്ങൾ കാണിച്ച് അപേക്ഷ സമർപ്പിക്കുന്നവരെ മാത്രമേ ഇപ്രകാരം പരിഗണിക്കാൻ പാടുള്ളൂ.
2. പ്രത്യേക പരിഗണന നൽകി മാനദണ്ഡങ്ങൾ ഇളവ് ചെയ്ത് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് മുൻപ് വസ്തുതകൾ പരിശോധിച്ച് അർഹത ഉറപ്പ വരുത്തേണ്ടതാണ്.
3. ഇത്തരത്തിൽ പ്രത്യേക പരിഗണന നൽകുന്നതിനും പൊതുവിതരണ ഡയറക്ടറുടെ തീരുമാനത്തിൽ ഇടപെടുന്നതിനും പരാതികൾ പരിഗണിക്കുന്നതിനും സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.
4. ഇക്കാര്യത്തിൽ വ്യക്തികളുടെ അപേക്ഷ മാത്രം പരിഗണിക്കേണ്ടതും ഏതെങ്കിലും സംഘടനകളുടെയോ മറ്റോ അപേക്ഷയിൽ ഒരു പ്രത്യേക വിഭാഗത്തിന് മൊത്തമായി ഈ പരിഗണന നൽകാൻ പാടില്ലാത്തതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മണിലാൽ ബി.എസ്.**
**ജോയിന്റ് സെക്രട്ടറി**

1. പൊതുവിതരണ ഡയറക്ടർ, തിരുവനന്തപുരം
2. എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും } DCS മുഖേന
3. എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമാർക്കും }
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി/ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ